## പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1445 — 31.10.2019 -ൽ മറുപടിയ്ക്ക്

**ഇരിമ്പിളിയം വില്ലേജ് ഓഫീസ്**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) റീ ബിൽഡ് കേരള പദ്ധതിയിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്ന് ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്ന് ഇരിമ്പിളിയം വില്ലേജ് ഓഫീസ് കെട്ടിടം പുനർനിർമ്മാണം റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) ഇരിമ്പിളിയം വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 2018-19 വർഷത്തെ ബജറ്റിൽ ഇരുപതു ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;<br><br>(സി) ബജറ്റിൽ ഇരുപതു ശതമാനം തുക നീക്കിവെച്ചാൽ ഭരണാനുമതി നൽകുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;<br><br>(ഡി) പൊതുമരാമത്ത് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രൊപ്പോസൽ ചീഫ് എൻജിനീയർ അംഗീകരിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ച് ആയത് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;<br><br>(ഇ) ഇരിമ്പിളിയം വില്ലേജിന്റെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും (എഫ്) ഉം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, ഇരിമ്പിളിയം വില്ലേജാഫീസ് കെട്ടിടത്തിന്റെ ഭാഗിക നിർമ്മാണത്തിനായി 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് നിലവിലെ Deligation of Financial Powers പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഇക്കാര്യത്തിൽ വകുപ്പ് തലവന് തന്നെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സർക്കാർ ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിക്കുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തിലെ കേരള ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തു പണികളുടെ വിശദ വിവരങ്ങൾ)-ൽ ഉൾപ്പെട്ടിട്ടുള്ള ടി പ്രവൃത്തിക്ക് 50 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് കാണിച്ചിരിക്കുന്നത്. ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾക്കുള്ള തുക 2019-20 ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപരിയല്ലാത്തതാണ്. പ്രസ്തുത തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ ഒതുക്കി നിർത്തേണ്ടതാണ്. ഈ സാഹചര്യത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും |

| | |
|---|---|
| (എഫ്) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഫണ്ടും ലഭിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**